# മസ്വാബീഹുസ്സുന്ന (പ്രവാചകചര്യയുടെ ദീപങ്ങൾ)



**ഇമാം** അൽഹുസൈൻ അൽബഗവി (മരണം. ഹി. 516/1122) രചിച്ച കൃതിയാണ് മസ്വാബീഹുസ്സുന്ന (പ്രവാചകചര്യയുടെ ദീപങ്ങൾ). നിവേദകന്മാരുടെ നീണ്ട പരമ്പരകൾ ഒഴിവാക്കി ഹദീസ് പാഠങ്ങൾ (ടെക്സ്റ്റ്) മാത്രം ഉൾക്കൊള്ളിച്ച ആദ്യ സംരംഭമായിരുന്നു ഇത്. 4,484 ഹദീസുകളാണ് മസ്വാബീഹിൽ ഉണ്ടായിരുന്നത്. അതിൽ 2,414 ഹദീസുകൾ ബുഖാരി-മുസ്‌ലിം റിപ്പോർട്ട് ചെയ്തതും ബാക്കി മറ്റുള്ളവർ റിപ്പോർട്ട് ചെയ്തതുമാണ്. ഇവ ഇനം തിരിച്ചാണ് ഗ്രന്ഥകർത്താവ് ക്രമീകരിച്ചിരിക്കുന്നത്.

അക്കാലത്തെ ഏറ്റവും വലിയ ഹദീസ് പണ്ഡിതനായിരുന്നു ഇമാം ബഗവി. ഈ ഗ്രന്ഥം എഴുതിക്കഴിഞ്ഞപ്പോൾ അദ്ദേഹം പ്രവാചകനെ സ്വപ്നംകണ്ടതായി പറയപ്പെടുന്നു. ഹദീസുകളെ പുനരുജ്ജീവിപ്പിച്ചതിൽ പ്രവാചകൻ അദ്ദേഹത്തെ ആശീർവദിച്ചുവത്രെ. ഈ കാരണത്താൽ അദ്ദേഹം മുഹ്‌യിസ്സുന്ന (ഹദീസിന്റെ പുനരുദ്ധാരകൻ) എന്ന അപരനാമത്തിൽ അറിയപ്പെടുന്നു. ഖുറാസാനിലെ 'ബഗ്' എന്ന പ്രദേശത്തേക്ക് ചേർത്തുകൊണ്ടാണ് 'ബഗവി' എന്ന പേര്.